Draft #152 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 07-Jul-2026 02:03 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സർക്കാർ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് സർവകലാശാലയുടെ ലെയ്സൺ ഓഫീസറായി ശ്രീ. തീർത്ഥൻ എ.എസ്., സെക്ഷൻ ഓഫീസറെ നിയോഗിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6741/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2026

*പരാമർശം:*-1. സർവകലാശാലാ ഉത്തരവ് നമ്പർ : 6154/AD A1/2022/എം.ജി.യു., തീയതി: 13.06.2022
2. സർവകലാശാലാ ഉത്തരവ് നമ്പർ : 1600/AD A1/2025/എം.ജി.യു., തീയതി: 20.02.2025
3. സർവകലാശാലാ ഉത്തരവ് നമ്പർ : 6119/AD A1/2026/എം.ജി.യു., തീയതി: 16.06.2026

**ഉത്തരവ്**

സർവകലാശാലയും സർക്കാരുമായുള്ള ആശയവിനിമയം സുഗമമാക്കുന്നതിനും, സേവനങ്ങൾ സമയബന്ധിതമായി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുമായി പരാമർശം (1),(2),(3) പ്രകാരം ശ്രീ. പ്രേംലാൽ എസ്., സെക്ഷൻ ഓഫീസറെ ലെയ്സൺ ഓഫീസറായി നിയോഗിച്ചിരുന്നു. ടിയാളുടെ നിയോഗ കാലാവധി അവസാനിച്ചതിനെ തുടർന്ന്, താഴെ പരാമർശിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. വൈസ് ചാൻസലർ/പ്രൊ-വൈസ് ചാൻസലർ/രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ ഓഫീസിൽ നിന്നും അടിയന്തിര പ്രാധാന്യമുള്ളതും, സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമായ ഫയലുകൾ, കത്തുകൾ, ഔദ്യോഗിക രേഖകൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ സേവനം സുഗമമാക്കുന്നതിനായി സർവകലാശാലയുടെ ലെയ്സൺ ഓഫീസറായി EH 1 സെക്ഷൻ ഓഫീസറായ ശ്രീ. തീർത്ഥൻ എ.എസ്.(PEN-2499,UPEN-U13354) -നെ നിയമിച്ചിരിക്കുന്നു.
2. ലെയ്സൺ ഓഫീസറായി നിയമിതനായ ശ്രീ. തീർത്ഥൻ എ.എസ്. സർവകലാശാലയിലെ ഔദ്യോഗിക ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണ്. സർവകലാശാലാ ഓഫീസിലെ ജോലികൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ലെയ്സൺ ഓഫീസർ, ലെയ്സൺ ചുമതലകൾ ക്രമീകരിച്ച് നിർവ്വഹിക്കേണ്ടതാണ്.
3. ലെയ്സൺ ഓഫീസറുടെ നിയോഗകാലാവധി ഉത്തരവ് തീയതി മുതൽ രണ്ട് വർഷക്കാലമായി നിജപ്പെടുത്തിയിരിക്കുന്നു.
4. സമയബന്ധിതമല്ലാത്തതോ, അടിയന്തിര പ്രാധാന്യം ഇല്ലാത്തതോ ആയ ഫയലുകൾ, രേഖകൾ എന്നിവ ലെയ്സൺ ഓഫീസർ മുഖേന സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ നിന്നും വൈസ് ചാൻസലറുടെയോ രജിസ്ട്രാറുടെയോ അനുമതിയില്ലാതെ നൽകുവാൻ പാടുള്ളതല്ല.

5. ലെയ്സൺ ഓഫീസർക്ക് ഡ്യൂട്ടി ലീവിനും, നിയമാനുസൃതമായ TA/DA-യ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. തീർത്ഥൻ എ.എസ്., സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ്, EH 1 സെക്ഷൻ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിന്റ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, മഹാത്മാഗാന്ധി സർവകലാശാല
6. പി.ആർ.ഒ. /എഡി.എ. 3/6/ ഐ.ക്യൂ.എ.സി./ഐ.ടി.സെൽ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #152 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 07-Jul-2026 02:03 PM - Page 2

The document is digitally approved. Hence signature is not needed.